**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല മാസ്റ്റർ പ്ലാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. രമേഷ് പിഷാരടി

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ 2006-ൽ തയ്യാറാക്കി, സ.ഉ.(കൈ) നം. 146/2007/RD തീയതി 03.05.2007 ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നിലക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിശദമായ ലേഔട്ട് പ്ലാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കി ആയത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലക്കൽ, പമ്പ, ശബരിമല സന്നിധാനം എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നത് പ്രസ്തുത ലേഔട്ട് പ്ലാനിനു വിധേയമായിട്ടാണ്. ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ഉന്നതാധികാര സമിതിയാണ് മുൻഗണനാക്രമത്തിൽ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നത്. ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

**(ബി)** ഇതിനായി കൂടുതലായി വനഭൂമി ലഭ്യമാക്കേണ്ടതുണ്ടോ; ഇതിന് കേന്ദ്ര -സംസ്ഥാന വനം വകുപ്പുകളുടെ അനുമതി ആവശ്യമാണോ; വ്യക്തമാക്കുമോ; വാഹന പാർക്കിങ്ങിന് കൂടുതൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 110.524 ഹെക്ടർ വനഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്. ടി ഭൂമിയ്ക്ക് പുറത്ത് വരുന്ന നിർമ്മാണ പ്രവർത്തനങ്ങളായ ശബരിമല റോപ്പ് വേ, പമ്പയിലെ സുരക്ഷാ പാലം എന്നിവയ്ക്ക് കേന്ദ്ര വനം വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത പ്രവൃത്തികൾക്ക് വനം വന്യജീവി വകുപ്പിന്റെ പരിവേഷ് പോർട്ടൽ മുഖേന അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. ശബരിമലയുടെ ബേസ് ക്യാമ്പായി നിശ്ചയിച്ചിട്ടുള്ള നിലക്കലിൽ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ കേന്ദ്രങ്ങൾ, ശുചിമുറികൾ എന്നിവയും വിപുലമായ വാഹന പാർക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പമ്പയിലും ബഹു. ഹൈക്കോടതിയുടെ അനുമതിയ്ക്ക് വിധേയമായി ചെറിയ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം അനുവദിക്കുന്നുണ്ട്.

**(സി)** ലക്ഷക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന തീർത്ഥാടന കേന്ദ്രം എന്ന നിലയ്ക്ക് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമസ്ഥലങ്ങളും ശുചിമുറികളും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ വിശ്രമ കേന്ദ്രങ്ങളും, ശുചിമുറികളും സജ്ജീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയാണ്.

ശബരിമലയിൽ 5000 പേർക്ക് ഒരേസമയം ഇരുന്ന് ഭക്ഷണം കഴിക്കുവാനുള്ള അന്നദാന മണ്ഡപം, തീർഥാടകർ വിശ്രമിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ്, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശുചിമുറികൾ എന്നിവയും പമ്പയിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കുമുള്ള പ്രത്യേകം ശുചിമുറികൾ, നിലക്കലിൽ തീർഥാടന കേന്ദ്രം, കൂടുതൽ സൗകര്യങ്ങൾ ഉള്ള ഇന്റഗ്രേറ്റഡ് ടോയ്‌ലറ്റ് കോംപ്ലക്സ്, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

നിലക്കൽ കോർ ഏരിയ വികസനം, 9.33 ഹെക്ടർ സ്ഥലത്ത് ഭക്ഷണ സൗകര്യത്തിനുള്ള അന്നദാനമണ്ഡപം, തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനുള്ള റെസ്റ്റിംഗ് പവലിയനുകൾ, നടപ്പാതകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (ക്യാമ്പ് കണ്ട്രോൾ ആഫീസ്) എന്നിവ ഉൾപ്പെടുന്ന പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലക്കലിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം, പമ്പയിലെ സുരക്ഷാ പാലം, സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ എന്നിവക്ക് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**